"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസവകുപ്പ് - കാസർഗോഡ് ജില്ലയിലെ ഇടയിലക്കാട് എ.എൽ.പി.സ്കൂൾ നിരുപാധികം സർക്കാരിൽ ഏറ്റെടുക്കുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.3434/2025/GEDN തീയതി,തിരുവനന്തപുരം, 22-05-2025

---

പരാമർശം:-

1. സ.ഉ(കൈ) നം.159/1967/പൊവിവ തീയതി 10.04.1967
2. സ.ഉ(കൈ) നം.479/1970/പൊവിവ തീയതി 18.11.1970
3. കാസർഗോഡ് ഇടയിലക്കാട് എ.എൽ.പി.സ്കൂൾ മാനേജർ സമർപ്പിച്ച 16.12.2017 - ലെ നിവേദനം.
4. ചെറുവത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03.12.2018- ലെ എ4/2018/നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.12.2018- ലെ എൻ.എസ് (2)/8030/2021/DPI നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ഇടയിലക്കാട് എ.എൽ.പി.സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും മാനേജർക്ക് സാധിക്കാത്തതിനാൽ സ്കൂൾ നിരുപാധികം സർക്കാർ ഏറ്റെടുക്കണമെന്നും ടി സ്കൂൾ സർക്കാരിന് വിട്ടു നൽകാൻ തയ്യാറാണെന്നും അറിയിച്ച് മാനേജർ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കി.

2) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ ഉൾപ്പെട്ട വലിയപറമ്പ് പഞ്ചായത്തിലെ ഒരു തീരദേശ ദ്വീപ് ഗ്രാമമാണ് ഇടയിലക്കാട്. മത്സ്യ തൊഴിലാളികളും കൂലിതൊഴിലാളികളും ഉൾപ്പെടുന്ന സാധാരണ ജനവിഭാഗമാണ് ഇവിടെ താമസിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഈ ദ്വീപിലെ ഒരേ ഒരു സ്കൂളായ ഇടയിലക്കാട് എ.എൽ.പി.എസ് ആണ് ഈ പ്രദേശത്തെ കുട്ടികളുടെ പഠനത്തിന് ഏക ആശ്രയം. ആയതിനാൽ ഈ സ്കൂൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. ടി സ്കൂളിൽ പ്രഥമാധ്യാപകൻ ഉൾപ്പെടെ 4 ജീവനക്കാരാണുള്ളത്. ടി ജീവനക്കാരും സ്കൂൾ നിരുപാധികം സർക്കാരിലേക്ക് വിട്ടുനൽകുന്ന കാര്യത്തിൽ പൂർണ്ണസമ്മതം അറിയിച്ചിട്ടുണ്ട്. . വിദ്യാലയം സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കേരള വിദ്യാഭ്യാസ നിയമം, നിലവിലുള്ള സർക്കാർ ഉത്തരവുകൾ

എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്നും ആയതിനാൽ ടി വിദ്യാലയം നിരുപാധികം ഏറ്റെടുക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സ്കൂൾ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എയ്ഡഡ് സ്കൂൾ Surrender ചെയ്യുന്നത് സംബന്ധിച്ച് പ്രത്യേകം വ്യവസ്ഥ ഇല്ലെങ്കിലും THE RIGHT OF CHILDREN TO FREE AND COMPULSORY EDUCATION ACT, 2009 നിയമത്തിന്റെ അന്തഃസത്ത ഉൾകൊണ്ടും, സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത പരിഗണിച്ചും സ്കൂളുകൾ ഏറ്റെടുക്കുമ്പോൾ പാലിക്കപ്പെടേണ്ട പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തി കാസർഗോഡ് ജില്ലയിലെ ഇടയിലക്കാട് എ.എൽ.പി.സ്കൂൾ നിരുപാധികം ഏറ്റെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കാസർഗോഡ്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞങ്ങാട്
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുവത്തൂർ
മാനേജർ, എ.എൽ.പി.സ്കൂൾ , ഇടയിലക്കാട് , കാസർഗോഡ്-670310
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prasad R
Date: 23-05-2025 10:01:14
സെക്ഷൻ ഓഫീസർ

JS
Rh
22/5/25

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-05-2025

ഫയൽ നം. എൻ1/397/2018/പൊ.വി.വ. ഇനം നം: 2964

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കാസർഗോഡ് ജില്ലയിലെ ഇടയിലക്കാട് എ.എൽ.പി. സ്കൂൾ നിരുപാധികം സർക്കാർ ഏറ്റെടുക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

2964

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എൻ1/397/2018/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് |
| 3 | വിഷയം | : | കാസർഗോഡ് ജില്ലയിലെ ഇടയിലക്കാട് എ. എൽ.പി. സ്കൂൾ നിരുപാധികം സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10.04.2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അല്ല. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : : | ധനവകുപ്പിന്റെ അഭിപ്രായം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : : | ഉണ്ട് . ഉണ്ട് . |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിജുകുമാർ ബി.റ്റി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10-05-2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13-05-2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിലെ ഇടയിലക്കാട് എ.എൽ.പി.സ്കൂൾ (എയ്ഡഡ്) നിരുപാധികം സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ഇടയിലക്കാട് എ.എൽ.പി.സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും മാനേജർക്ക് സാധിക്കാത്തതിനാലും മറ്റൊരു ഏജൻസിക്ക് കൈമാറാൻ താൽപര്യമില്ലാത്തതിനാലും സ്കൂൾ നിരുപാധികം സർക്കാരിന് വിട്ടു നൽകുന്നതിനായി മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നു. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ വലിയപറമ്പ് തീരദേശ പഞ്ചായത്തിൽപ്പെട്ട ഒരു തീരദേശ ദ്വീപ് ഗ്രാമമാണ് ഇടയിലക്കാട്. മത്സ്യതൊഴിലാളികളും, കൂലിതൊഴിലാളികളും ആയ സാധാരണ ജനവിഭാഗമാണ് ഇവിടെ താമസിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പ്രദേശമാണ്. ഈ ദ്വീപിലെ ഒരേ ഒരു സ്കൂളായ എ.എൽ.പി.എസ് ഇടയിലക്കാടാണ് ഈ പ്രദേശത്തെ ജനങ്ങളുടെ ഏക ആശ്രയം. സ്കൂളിന് സ്വന്തമായി 1 ഏക്കർ സ്ഥലവും 4 ക്ലാസ് മുറികളും ആവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ട്.

3. ഈ സ്കൂളിൽ 2023-24 അധ്യയന വർഷത്തിൽ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലായി 27 കുട്ടികളും ഹെഡ്മാസ്റ്റർ ഉൾപ്പെടെ 4 അധ്യാപകരുമാണ് ഉള്ളത്. സ്കൂളിന് മറ്റ് ബാധ്യതകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ സ്കൂൾ ഏറ്റെടുക്കുന്നതുകൊണ്ട് സർക്കാരിന് ബാധ്യതകൾ ഒന്നും ഉണ്ടാകുന്നില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് KER-ൽ ഉള്ള വ്യവസ്ഥകളും നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളും പാലിക്കപ്പെടുന്നതിനാലും സ്കൂൾ നിലനിർത്തേണ്ടത് ആ നാടിന് അനിവാര്യമായതിനാലും പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്കൂൾ ഏറ്റെടുക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

4. ഉപാധികളില്ലാതെ സ്കൂൾ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടിയതിൽ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

" എയ്ഡഡ് സ്കൂൾ സർക്കാരിലേയ്ക്ക് നൽകുന്നതുമായി (surrender) ബന്ധപ്പെട്ട് 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിൽ യാതൊരു വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടില്ലാത്തതാണ്. എന്നാൽ ഏതെല്ലാം സാഹചര്യങ്ങളിൽ എയ്ഡഡ് സ്കൂളുകൾ സർക്കാരിന് ഏറ്റെടുക്കാമെന്നുള്ളത് സംബന്ധിച്ച് 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിലെ വകുപ്പ് 15-ൽ വ്യക്തമായ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുള്ളതാണ്. ടി വകുപ്പ് താഴെ പറയും പ്രകാരമാണ് :-

"15. Power to acquire any category of schools - (1) If the Government are satisfied that for standardizing general education in the State or for improving the

level of literacy in any area or for more effectively managing the aided educational institutions in any area or for bringing education of any category under their direct control, in the public interest it is necessary to do so, they may by notification in the Gazette, take over with effect from any day specified therein any category of aided schools in any specified area or areas, and such schools shall vest in the Government absolutely with effect from the day specified in such notification.

Provided that no notification under this sub-section shall be issued unless the proposal for the taking over is supported by the resolution of the Legislative Assembly.

(2) Where any school has vested in the Government under sub-section (1), compensation shall be paid to the persons entitled there to on the basis of the market value thereof as on the date of the notification:

Provided that where any property, movable or immovable, has been acquired, constructed or improved for the purpose of the school with the aid or grant given by the Government for such acquisition, construction or improvement, compensation payable shall be fixed after deducting from the market value the amounts of such aids or grants:

Provided further that in the case of movable properties the compensation payable shall be the market value thereof on the date of the notification or the actual cost thereof less the depreciation, whichever is lower.

(3) In determining the amount of compensation and its apportionment among the persons entitled thereto the Collector shall follow such procedure as may be prescribed.

(4) Any person aggrieved by an order of the Collector may, in the prescribed manner, appeal to the District Court within whose jurisdiction the school is situated within sixty days of the date of such award and the decision of the Judge shall be final.

(5) Nothing in this section shall apply to minority schools."

കേരള വിദ്യാഭ്യാസ ആക്ടിലെ വകുപ്പ് 15 ഉപവകുപ്പ് (1)-ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ അടിസ്ഥാന മാതൃകയ്ക്ക് അനുസൃതമാക്കുന്നതിനോ, അല്ലെങ്കിൽ ഏതെങ്കിലും മേഖലയിലെ സാക്ഷരതയുടെ നിലവാരം ഉയർത്തുന്നതിനോ, അല്ലെങ്കിൽ ഏതെങ്കിലും വിഭാഗത്തിന്റെ വിദ്യാഭ്യാസം

നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ട് വരുന്നതിനോ, അല്ലെങ്കിൽ കൂടുതൽ ഫലപ്രദമായി ഏതെങ്കിലും പ്രദേശത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നതിനോ വേണ്ടി പൊതുജന താല്പര്യാർത്ഥം അങ്ങനെ ചെയ്യുന്നത് അത്യാവശ്യമെന്ന് ബോധ്യമാകുന്ന പക്ഷം ഏതെങ്കിലും പ്രത്യേക പ്രദേശത്തെയോ പ്രദേശങ്ങളിലെയോ ഏതൊരു വിഭാഗത്തിലുള്ള എയ്ഡഡ് സ്കൂളും ഗസറ്റ് വിജ്ഞാപനം മുഖേന സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത സ്കൂൾ അങ്ങനെയുള്ള വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള തീയതി മുതൽ പൂർണ്ണമായും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാകുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. ടി വകുപ്പ് 15 ഉപവകുപ്പ് (1)-ലെ ക്ലിപ്തനിബന്ധനയിലെ വ്യവസ്ഥകൾ പ്രകാരം എയ്ഡഡ് സ്കൂൾ സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള യാതൊരു വിജ്ഞാപനവും അങ്ങനെയുള്ള പ്രമേയത്തിന് നിയമസഭയുടെ പിന്തുണയില്ലാതെ പുറപ്പെടുവിക്കാവുന്നതല്ല എന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

"എയ്ഡഡ് സ്കൂൾ Surrender ചെയ്യുന്നത് സംബന്ധിച്ച പ്രത്യേകം വ്യവസ്ഥ ഇല്ലെങ്കിലും THE RIGHT OF CHILDREN TO FREE AND COMPULSORY EDUCATION ACT, 2009 നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടും ഇടയിലക്കാട് എ.എൽ.പി.സ്കൂൾ നടത്തികൊണ്ടുപോകുന്നതിനു മാനേജർ ബുദ്ധിമുട്ട് അറിയിച്ചിട്ടുള്ളതിനാലും സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത കൊണ്ടും സർക്കാരിന് ഉചിത തീരുമാനം കൈകൊള്ളാവുന്നതാണ്. ഇടയിലക്കാട് എ.എൽ.പി.സ്കൂൾ നിരുപാധികം സർക്കാർ ഏറ്റെടുക്കുന്നതിനായി മാനേജർ തന്നെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാലും ആയതിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ ഏറ്റെടുക്കുന്നത് എന്നതിനാലും ഉപാധികൾ ഇല്ലാതെ സർക്കാർ സ്കൂൾ ഏറ്റെടുക്കുന്നതിന് നിയമതടസ്സമില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

5. ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ, ടി വകുപ്പ് താഴെപറയും പ്രകാരം അഭിപ്രായപ്പെട്ടു .

"വിഷയം കേരള സർവീസ് ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതല്ല എന്നും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകളുടെയും, സമാന സാഹചര്യത്തിൽ മുമ്പ് ബാധകമാക്കിയിട്ടുള്ള വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലും ആവശ്യമെങ്കിൽ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞും ഭരണവകുപ്പ് ഉചിത തലത്തിൽ തീരുമാനമെടുക്കേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ഇടയിലക്കാട് എ.എൽ.പി.സ്കൂൾ നിരുപാധികം സർക്കാർ ഏറ്റെടുക്കുന്നതിനായി മാനേജർ തന്നെ അപേക്ഷ

സമർപ്പിച്ചിട്ടുള്ളതിനാലും ഇടയിലക്കാട് എ എൽ പി സ്കൂൾ നിരുപാധികം സർക്കാർ ഏറ്റെടുക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി 10.04.2024 - ന് ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്തതിനാലും കാസർഗോഡ് ജില്ലയിലെ ഇടയിലക്കാട് എ എൽ പി സ്കൂൾ സർക്കാർ നിരുപാധികം ഏറ്റെടുക്കണമെന്ന മാനേജരുടെ അപേക്ഷ പരിഗണിച്ച് സ്കൂൾ ഏറ്റെടുക്കേണ്ടതുണ്ടോ